<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5769**</u>    <u>**08-11-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വ്യവസായ പാർക്ക്**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ടോയെന്നും ഓരോ പഞ്ചായത്തിലും എത്ര സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | (എ) | വ്യവസായ പാർക്കിന് അനുയോജ്യമായ സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ, സ്വകാര്യ വ്യക്തികളുടെ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കുന്ദമംഗലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റേതുൾപ്പെടെ സർക്കാർ ഭൂമി ലഭ്യമാണെന്ന കാര്യം പരിശോധിക്കുമോ; | (ബി) | പരിശോധിക്കാവുന്നതാണ്. |
| (സി) | മാവൂർ വില്ലേജിലെ മലപ്രം ദേശത്ത് ഏറ്റെടുക്കാൻ തീരുമാനിച്ച നൂറ്റിപ്പത്ത് ഏക്കർ സ്ഥലം വിലയ്ക്കെടുക്കുന്നതിന് ഉദ്ദേശമുണ്ടോ; | (സി) | കോഴിക്കോട് ജില്ലയിൽ മാവൂർ വില്ലേജിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കാൻ ഉദ്ദേശിച്ച 110 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തിയിരുന്നു. പ്രസ്തുത ഭൂമിയിൽ പാറ ഖനനത്തിന്റെയും മറ്റും ഫലമായി ആഴമുള്ള കുഴികൾ രൂപപ്പെട്ടിട്ടുള്ളതിനാൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാ കുമെന്നതിനാൽ സംരംഭകർക്ക് ന്യായമായ വിലയ്ക്ക് ഭൂമി അനുവദിച്ചു നൽകാൻ സാധ്യമാകില്ലെന്ന് കണ്ടെത്തുകയുണ്ടായി. അനുയോജ്യമായ വേറെ സ്ഥലം സംബന്ധിച്ച് ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ വേറെ സ്ഥലം കണ്ടെത്താൻ സർക്കാർ നിർദ്ദേശിക്കുമോ? | (ഡി) | കോഴിക്കോട് ജില്ലയിൽ മാവൂർ വില്ലേജിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കാൻ ഉദ്ദേശിച്ച 110 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തിയിരുന്നു. പ്രസ്തുത ഭൂമിയിൽ പാറ ഖനനത്തിന്റെയും മറ്റും ഫലമായി ആഴമുള്ള കുഴികൾ രൂപപ്പെട്ടിട്ടുള്ളതിനാൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാ കുമെന്നതിനാൽ |

| | | | |
|---|---|---|---|
| | | | സംരംഭകർക്ക് ന്യായമായ വിലയ്ക്ക് ഭൂമി അനുവദിച്ചു നൽകാൻ സാധ്യമാകില്ലെന്ന് കണ്ടെത്തുകയുണ്ടായി. അനുയോജ്യമായ വേറെ സ്ഥലം സംബന്ധിച്ച് ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ